"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - പൊതുമേഖലാ സ്ഥാപനമായ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ പൾപ്പ് വുഡ് ഇനത്തിലുള്ള മരങ്ങൾ മുറിക്കുന്നതിന് ട്രീ കമ്മിറ്റികളിൽ നിന്നുള്ള തടസ്സങ്ങൾ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.462/2023/F&WLD തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം:- 1 27/05/2023 ലെ സ.ഉ (സാധാ) നം. 206/2023/F&WLD നമ്പർ ഉത്തരവ്.

2 10/11/2023-ന് വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് 2023-2024 സാമ്പത്തിക വർഷത്തിൽ വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2023, നവംബർ 10-ന് ഒരു യോഗം ചേരുകയുണ്ടായി. പൾപ്പ് വുഡിൻെറ ആവശ്യത്തിനായി യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിന് ട്രീ കമ്മിറ്റികൾ തടസ്സം സൃഷ്ടിക്കുന്നതായി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് യോഗത്തിൽ അറിയിക്കുകയും, പ്രസ്തുത മരങ്ങൾ മുറിക്കുന്നതിന് ട്രീ കമ്മിറ്റികളുടെ തടസ്സം നീക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിനെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പൾപ്പ് വുഡിൻെറ ആവശ്യത്തിനായി മാത്രം യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ മുറിക്കുമ്പോൾ ട്രീ കമ്മിറ്റികളിൽ നിന്നുള്ള തടസ്സങ്ങളൊന്നുമില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ഫീൽഡ് തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിനെ (സോഷ്യൽ ഫോറസ്ട്രി)- ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ്

ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.

വ്യവസായ വകുപ്പ്

വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Asha S
Date: 22-12-2023 23:14:25
സെക്ഷൻ ഓഫീസർ

പകർപ്പ്: - ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിന് /ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്.